കോട്ടയം, ഇടുക്കി	13
തൃശ്ശൂർ	08
മലപ്പുറം	11
കോഴിക്കോട്	13
കണ്ണൂർ	03
ആകെ	98

ബാക്കി 2 എണ്ണം ഉടനെ അനുവദിക്കുന്നതാണ്.

സ്കൂൾ കുട്ടികൾക്കായി കാർഷികവിജ്ഞാന പരിപാടി

10 (*250) ശ്രീ. പി. രാജു :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. പി. നാരായണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ കുട്ടികൾക്ക് കാർഷികാഭിരുചി വളർത്താനുദ്ദേശിച്ചുള്ള കാർഷികവിജ്ഞാന പരിപാടികൾക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം ജില്ലകളിൽ ; എത്ര സ്കൂളുകളിൽ ഈ പരിപാടി ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിന്റെ പ്രയോജനം ഇതിനകം എത്ര വിദ്യാർത്ഥികൾക്ക് ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ,

(എ) കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ രൂപം നൽകിയിട്ടുണ്ട്.

(ബി)

തിരുവനന്തപുരം	-	101
കൊല്ലം	-	86
പത്തനംതിട്ട	-	43
ആലപ്പുഴ	-	79
കോട്ടയം	-	76
ഇടുക്കി	-	55
എറണാകുളം	-	86
തൃശ്ശൂർ	-	119
പാലക്കാട്	-	105
മലപ്പുറം	-	70
കോഴിക്കോട്	-	78
വയനാട്	-	42
കണ്ണൂർ	-	65
കാസർഗോഡ്	-	41
ആകെ	-	1046

(സി) 50,000 വിദ്യാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly